## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

# കുറ്റിപ്പുറം ബ്ലോക്ക്പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

## മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dompm.ksad@kerala .gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.(8)/392/2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം**

**e-mail: dompm.ksad@kerala.gov.in**

തിയ്യതി.12-04-2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**കുറ്റിപ്പുറം ബ്ലോക്ക്** പഞ്ചായത്ത്

സർ,

വിഷയം : **കുറ്റിപ്പുറം ബ്ലോക്ക്**പഞ്ചായത്ത് - 2017-18 സാമ്പത്തികവർഷത്തെ ഓഡിറ്റ്റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കുറ്റിപ്പുറം ബ്ലോക്ക്**പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഇ-മെയിൽ)

2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ ), മലപ്പുറം

3)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(പെർഫോമൻസ് ഓഡിറ്റ് )
4).കാര്യാലയ പകർപ്പ്

എം.എ.4/19

നം.കെ.എസ്.എ.എം.പി.എം.(8)/392/2019 തീയതി:12-04-2019

**<u>മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

മലപ്പുറം ജില്ലയിലെ **കുറ്റിപ്പുറം ബ്ലോക്ക്**പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25-11-2017 മുതൽ 16-02-19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം:**

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീമതി സുധാ ദാസ്,സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 18-02-19 മുതൽ 27-02-2019വരെ

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

| | |
|---|---|
| ശ്രീ. സാബു. പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷാജഹാൻ ഖുറൈശി.എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. യൂസഫ്.പി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ആതവനാട്മുഹമ്മദ്കുട്ടി | 1.4.2017മുതൽ31.3.2018വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ.വി.ജോസ് | 1.4.2017മുതൽ02.6.2017വരെ |
| | ശ്രീ. ഹൈദ്രോസ് പൊട്ടേങ്ങൽ | 03-06-2017മുതൽ15-01-18വരെ, 19-02-18 മുതൽ 05-03-18 വരെ |
| | ശ്രീ. കെ.വി. രാധാകൃഷ്ണൻ | 16-01-18 മുതൽ18-02-18 വരെ 06-03-18 മുതൽ 31-03-18 വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീ. ടി.പി.വാസു | 1.4.2017മുതൽ12.04.17 വരെ 01.06.17 മുതൽ 09.11.17 വരെ |
| | ശ്രീ. ശ്രീകുമാർ. ആർ | 12.04.17 മുതൽ 30.05.17വരെ |
| | ശ്രീ. പ്രകാശ് ബാബു.എം. | 09-11-17 മുതൽ 31-03-18 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി നന്ദിത എം.ടി. | 1.4.2017മുതൽ 31-03-18 വരെ |
| കൃഷി അസിസ്റ്റൻറ് ഡയറക്ടർ | ശ്രീമതി റസിയ പി. | 01.04.2017മുതൽ31.05.2017വരെ |
| | ശ്രീമതി ശ്രീലേഖ പി. | 01.06.2017മുതൽ30.06.2017വരെ |
| | ശ്രീ. പ്രസന്നൻ ഒ. | 01.07.17മുതൽ 02.10.17വരെ |
| | ശ്രീമതി ഇന്ദു പി. | 03.10.17മുതൽ 11.10.17വരെ |
| | ശ്രീമതി സൂസമ്മ ജോർജ്ജ് | 12.10.17മുതൽ 31.03.18വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രൊജക്ട് ഓഫീസർ | ശ്രീമതി ശ്രീദേവി അമ്മ. ജെ. | 1.4.2017മുതൽ 27.10.2017 വരെ |
| | ശ്രീമതി കമലാക്ഷി പി.പി. | 28.10.2017മുതൽ31.03.2018വരെ |
| മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | ഡോഃ വിജിത്ത് വിജയശങ്കർ | 1.4.2017മുതൽ 31.3.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ. അരുൾ കുമാർ | 1.4.2017മുതൽ 01.01.2018 വരെ |
| | ശ്രീ. വേലായുധൻ സി. | 02.01.2018മുതൽ31.03.2018വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീ. അയ്യൂബ് ടി. | 01.04.17 മുതൽ 26.08.2017വരെ |
| | ശ്രീ. കൃഷ്ണകുമാർ | 27.08.17മുതൽ 31.12.2017 വരെ |
| | ശ്രീ. അബ്ദുൾ മഹറൂഫ് | 01.01.18മുതൽ 31.03.2018 വരെ |

**ഉള്ളടക്കം**


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം I പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| **ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ**<br><br>**ഇല്ല** | | |
| **ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 13 | രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. | 3-1 |
| 14 | ക്രമപ്രകാരമല്ലാതെ യാത്രാബത്ത നൽകിയത് തിരികെ ഈടാക്കേണ്ട താണ് | 3-2 |
| 15 | സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭ്യമായതിൻെറ വിവരം അറിയിക്കേണ്ടതാണ് | 3-3 |
| 16 | വിതരണം ചെയ്യാത്ത തുക പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ് | 3-4 |
| 17 | പാലിനു സബസിഡി - വിനിയോഗ വിവരം ലഭ്യമാക്കാൻ ശേഷിക്കുന്നു | 3-5 |
| 18 | വിതരണ സ്ഥാപനം സ്വന്തമായി ഉത്പാദിപ്പിക്കാത്തവ ടെണ്ടർ കൂടാതെ വാങ്ങി | 3-6 |
| 19 | ഷ്രെഡ്ഡിംഗ് മെഷീൻ ,ബെയ് ലിംഗ് മെഷീൻ എന്നിവ ഒരുമിച്ച് സ്ഥാപിച്ചില്ല | 3-7 |
| 20 | നിർദ്ദിഷ്ട തീയതിയിൽ കരാർ വെയ്ക്കാത്തതിന് പിഴ ഈടാക്കിയില്ല | 3-8 |
| 21 | പൂർത്തീകരണ കാലാവധി കഴിഞ്ഞ പ്രവർത്തികളിൽ പിഴ ഈടാക്കിയില്ല - | 3-9 |
| 22 | കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്-ആദായനി കുതി ഈടാക്കിയില്ല. | 3-10 |
| 23 | ക്രമവിരുദ്ധമായി സർവ്വീസ് ടാക്സ് ഒടുക്കിയത് മൂലം അധികചെലവ്- | 3-11 |
| 24 | വ്യവസായ എസ്റ്റേറ്റിലെ വനിത, പട്ടികജാതി വ്യവസായ കേന്ദ്രങ്ങൾ ഉപയുക്തമാക്കിയിട്ടില്ല. | 3-12 |
| 25 | കരാർ, കരാർ രജിസ്റ്റർ തുടങ്ങിയവയിൽ പൂർത്തീകരണ തീയതി/ കാലയളവ് രേഖപ്പെടുത്തുന്നില്ല. | 3-13 |
| 26 | ഡിസ്മാന്റലിംഗിലൂടെ ലഭിച്ച മണ്ണ് പുനരുപയോഗിക്കാതെ ഗ്രാവൽ ഫില്ലിംഗിന് പ്രത്യേകം തുക നൽകി- | 3-14 |
| 27 | വിവിധ മരാമത്ത് പ്രവർത്തികളിൽ എർത്ത് വർക്ക് എക്സ്കവേഷ നിലൂടെ ലഭിച്ച മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്താത്തത് | 3-15 |
| 28 | കരാറുകാരന് അധികം കൊടുത്ത തുക തിരികെ ഈടാക്കിയതിൽ കുറവ് | 3-16 |
| 29 | പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് -പ്രവർത്തനം ഏകോപിപ്പിച്ചിട്ടില്ല | 3-17 |
| ഭാഗം- 4 | | |

| | | |
|---|---|---|
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 33 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 37 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 40 | **ഓഡിറ്റ് സർട്ടിഫിക്കറ്റ്** | 1 |



# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയതി | പുതുക്കിയ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയതി |
|---|---|
| 1(1)/24-03-2017 | ഇല്ല |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31-07-2018 | 11-06-2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.06.2018 മുതൽ 26.06.2018 വരെ | കെ.എസ്.എ.എം.പി.എം.8/1485/2018 തീയ്യതി 07-09-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,46,20,390 |
| വരവ് | 6,88,47,524 |
| ആകെ | 10,34,67,914 |
| ചെലവ് | 8,27,84,964 |
| നീക്കിയിരുപ്പ് | 2,06,82,950 |

# 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 39273788 | 39273788 | 32245658 | 7028130 |
| വികസനഫണ്ട് എസ്.സി.പി. | 0 | 12169000 | 12169000 | 6909534 | 5259466 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 32000 | 32000 | 0 | 32000 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 500700 | 500700 | 3533153 | 1473847 |
| ടോട്ടൽ സാനിറ്റേഷൻ | 1561650 | 75638 | 1637288 | 3522 | 1633766 |
| PMKSY | 731249 | 1614221 | 2345470 | 1906273 | 439197 |
| spTSB joint venture | 0 | 56000 | 56000 | 50400 | 5600 |
| സ്പെ.ടി.എസ്.ബി. | 2790898 | 4230709 | 7021607 | 7448403 | -426796 |
| KGB misc.2435 | 1459737 | 1483618 | 2943355 | 70140 | 2873215 |
| IAY plan | 27875048 | 25545676 | 53420724 | 37289593 | 16131131 |
| SBI online account | 0 | 227888 | 227888 | 195451 | 32437 |
| KGB35474PMKSY | 200000 | ---- | 200000 | 200000 | 0 |
| IAY CONSORTIUM 2002 | 385 | ---- | 385 | 385 | 0 |
| PAKALVEEDU 3051 | 1423 | ---- | 1423 | 1423 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2017-18 | 106 | 93344194 | 77 | 43327047 | 11 | 18 | 72.64 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല

# 1-8 ക്ഷേമപദ്ധതികൾ

ഇല്ല

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.02.2019 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പ് തുക ബാങ്കിലടവാക്കിയതിനാൽ ബാലൻസ് ഒന്നും തന്നെ അവശേഷിക്കുന്നില്ല.

# 1-10 ആഭ്യന്തരനിയന്ത്രണം

പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് കഴിഞ്ഞാൽ വർക്കിംഗ് ഗ്രൂപ്പുകളിലെ കൺവീനർ ഒഴികെയുള്ള അംഗങ്ങൾ പദ്ധതിയുടെ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തെ പ്രൊജക്റ്റുകളിലൊന്നും മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ലഭ്യമല്ല. അസ്സി.എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള ഭൂരിപക്ഷം മരാമത്ത് പ്രവർത്തികളുടെ ഫയലിലും പൂർത്തീകരണ തീയതി രേഖപ്പെടുത്തുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05-12-2018 മുതൽ 12-12-2018 വരെ | 01-09-2017 മുതൽ 30-11-2018 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01-07-2017 മുതൽ 10-07-2017 വരെ | 2012-13 മുതൽ 2016-17 വരെ | 14-08-2017 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. സ്പെഷൽ ടി.എസ്.ബി. അക്കൗണ്ട് (നം.799011400003180) സ്റ്റേറ്റ്മെൻറ് പ്രകാരം 5600രൂപ ബാലൻസ് ഉണ്ട്. എന്നാൽ അത് വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. വാർഷികക്കണക്ക് പ്രകാരം 715081400000007 നമ്പർ ട്രഷറി അക്കൗണ്ടിൽ (-)4,26,796 രൂപയാണ് ബാലൻസ്, എന്നാൽ ട്രഷറി സ്റ്റേറ്റ്മെൻറ് പ്രകാരം ആയത് (-)4,50,030 രൂപയാണ്.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62 (2) (ഇ) ,(എഫ് ) പ്രകാരം വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (Ratios) , പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്, ആയത് ഉൾപ്പെടുത്തിയിട്ടില്ല

4. 2016-17 എ.എഫ്.സിലേയും 2017-18 എ.എഫ്.സിലേയും കുടിശ്ശിക, കുടിശ്ശിക വരവ് /ചെലവ് ചില ഇനങ്ങളിൽ വ്യത്യാസം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു,

| ഇനം | 2016-17 എ.എഫ്.എസ് പ്രകാരം കുടിശ്ശിക | 2017-18 എ.എഫ്.എസ് പ്രകാരമുള്ള കുടിശ്ശിക വരവ്/ ചെലവ് |
|---|---|---|
| IAY ലോൺ | 6,99,500 | 25572 (ഈ അക്കൗണ്ട് 31.08.2017 ന് ക്ലോസ് ചെയ്തു) |

5. ആന്വൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല

6. ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ ലഭ്യമാക്കിയിട്ടില്ല, ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ മാണ്.

# ഭാഗം -2
# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 .

ഇല്ല

# ഭാഗം -3
# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകൾക്കായി താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകൾ വിനിയോഗിച്ചതിന്റെ വിവരം, രശീതിഎന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല-

| പ്രൊജക്ട് | ബിൽ നം./ തിയ്യതി | തുക | തുക അടവാക്കിയ സ്ഥാപനം | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| പാലിയേറ്റീവ്പരിചരണം (വൃദ്ധർ) : ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം<br>നം. S077/18<br>അടങ്കൽ : 7,00,000 (പ്ലാൻ-ജനറൽ) | 12/01-09-17<br>15/11-10-17<br>18/24-10-17<br>42/14-03-18 | 2,00,000<br>1,00,000<br>1,00,000<br>3,00,000 | ആതവനാട് ഗ്രാ.പ.<br>ഇരിമ്പിളിയം ഗ്രാ.പ.<br>കുറ്റിപ്പുറം ഗ്രാ.പ.<br>മാറാക്കര ഗ്രാ.പ. | രശീതി, വിനിയോഗ സാക്ഷ്യപത്രം. |
| ഗ്രാമ പഞ്ചായത്തുകളുടെ മാലിന്യ സംസ്കരണ പദ്ധതികൾക്ക് ബ്ലോക്ക് വിഹിതം നൽകൽ | 19/24-10-17<br>38/21-02-18 | 5,50,000<br>2,00,000 | കുറ്റിപ്പുറം ഗ്രാ.പ. | രശീതി, വിനിയോഗ സാക്ഷ്യപത്രം. |

| | | | | |
|---|---|---|---|---|
| നം. S076/18<br>അടങ്കൽ : 7,50,000 (പ്ലാൻ-ജനറൽ | | | | |
| സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ<br>നം. S092/18<br>അടങ്കൽ : 10,00,000 (പ്ലാൻ-ജനറൽ) | 5/27-07-17 | 10,00,000 | സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം | രശീതി,വിനിയോഗ സാക്ഷ്യപത്രം. |
| പൂവൻചിന അങ്കണവാടി കെട്ടിടം കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന് വിഹിതം നൽകൽ<br>നം. S060/18<br>അടങ്കൽ : 6,50,000 (പ്ലാൻ-ജനറൽ) | 46/27-03-18 | 6,50,000 | കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത് | രശീതി, വിനിയോഗ സാക്ഷ്യപത്രം. |
| പൈങ്കണ്ണൂർ അങ്കണവാടി കെട്ടിടം കുറ്റിപ്പുറം ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ<br>നം. S061/18<br>അടങ്കൽ : 6,50,000 (പ്ലാൻ-ജനറൽ) | 44/22-03-18 | 6,50,000 | കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത് | രശീതി, വിനിയോഗ സാക്ഷ്യപത്രം. |
| മനക്കൽപ്പടി അങ്കണവാടി കെട്ടിടം എടയൂർ ഗ്രാമ പഞ്ചായത്തിന് വിഹിതം നൽകൽ<br>നം. S063/18<br>അടങ്കൽ : 6,50,000 (പ്ലാൻ-ജനറൽ) | 33/18-01-18 | 6,50,000 | എടയൂർ ഗ്രാമ പഞ്ചായത്ത് | രശീതി, വിനിയോഗ സാക്ഷ്യപത്രം. |
| മേൽമുറി ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>നം. S012/18<br>അടങ്കൽ : 30,00,000 (പ്ലാൻ-ജനറൽ) | 22/24-10-17<br>20/24-10-17 | 15,90,000<br>14,10,000 | കേരളാ വാട്ടർ അതോരിറ്റി | രശീതി, വിനിയോഗ സാക്ഷ്യപത്രം. |
| കരേക്കാട് ഡിവിഷനിലെ | 34/18- | 8,00,000 | കേരളാ വാട്ടർ | വിനിയോഗ |

| | | | | |
|---|---|---|---|---|
| വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>നം. S013/18<br>അടങ്കൽ : 8,00,000 (പ്ലാൻ-ജനറൽ) | 01-18 | | അതോരിറ്റി | സാക്ഷ്യപത്രം. |
| പുത്തനത്താണി ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>നം. S014/18<br>അടങ്കൽ : 5,00,000 (പ്ലാൻ-ജനറൽ) | 21/24-10-17 | 5,00,000 | കേരളാ വാട്ടർ അതോരിറ്റി | വിനിയോഗ സാക്ഷ്യപത്രം. |
| വലിയകുന്ന് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് KWA പൈപ്പ് ലൈൻ നീട്ടൽ<br>നം. S015/18<br>അടങ്കൽ : 5,00,000 (പ്ലാൻ-ജനറൽ) | 26/06-01-18 | 5,00,000 | കേരളാ വാട്ടർ അതോരിറ്റി | വിനിയോഗ സാക്ഷ്യപത്രം. |
| വെണ്ടല്ലൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് KWA പൈപ്പ് ലൈൻ നീട്ടൽ<br>നം. S051/18<br>അടങ്കൽ : 5,00,000 (പ്ലാൻ-ജനറൽ) | 28/06-01-18 | 5,00,000 | കേരളാ വാട്ടർ അതോരിറ്റി | വിനിയോഗ സാക്ഷ്യപത്രം. |
| ആതവനാട് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>നം. S057/18<br>അടങ്കൽ : 5,00,000 (പ്ലാൻ-ജനറൽ) | 27/06-01-18 | 5,00,000 | കേരളാ വാട്ടർ അതോരിറ്റി | രശീതി, വിനിയോഗ സാക്ഷ്യപത്രം. |
| തച്ചാടിപ്പറമ്പ് എസ്.സി. കോളനിയിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 32/18-01-18 | 5,00,000 | കേരളാ വാട്ടർ അതോരിറ്റി | വിനിയോഗ സാക്ഷ്യപത്രം. |

| | | | | |
|---|---|---|---|---|
| നം. S058/18<br>അടങ്കൽ : 5,00,000 (പ്ലാൻ-എസ്.സി.പി.) | | | | |
| കിണർ റീച്ചാർജിംഗ്- ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ<br>നം. S0144/18<br>അടങ്കൽ : 3,00,000 (പ്ലാൻ-ജനറൽ) | 42/14-03-18 | 3,00,000 | മാറാക്കര ഗ്രാ.പ. | രശീതി, വിനിയോഗ സാക്ഷ്യപത്രം. |
| | ആകെ | 1,10,00,000 | | |

വിനിയോഗ രേഖകൾ ഹാജരാക്കാനവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.9/25-02-2019 )മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 1,10,00,000/-രൂപ തടസ്സം ചെയ്യുന്നു.

## 3-2 ക്രമപ്രകാരമല്ലാതെ യാത്രാബത്ത നൽകിയത് തിരികെ ഈടാക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിലെ ഡ്രൈവറായ ശ്രീ.ബിനു തോമസിന് 2017 ഫെബ്രുവരി മുതൽ മെയ് ഉൾപ്പടെയുള്ള മാസങ്ങളിലെ യാത്രാബത്തയായി ചെക്ക് നം. 5168007/23-06-2017പ്രകാരം 12,510 രൂപ നൽകിയിട്ടുണ്ട്. സ്ഥാപനത്തിൻെറ അധികാരപരിധിക്ക് അകത്തും, പുറത്ത് ജില്ലക്കകത്തും ഉൾപ്പടെയുള്ള യാത്ര കൾക്ക് അതേ ഗ്രേഡിലുള്ള ജില്ലാതല ഉദ്യോഗസ്ഥൻെറ സീലിംഗ് നിരക്ക് ബാധകമാണ് എന്ന ജി.ഒ.(പി)നം.137/2016/ഫിൻ/09-09-2016 പ്രകാരമുള്ള ഉത്തരവ് പാലിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു :

| മാസം | നൽകിയ യാത്രാബത്ത | നൽകാവുന്നത് | അധികം |
|---|---|---|---|
| ഫെബ്രുവരി | 2,880 | 1,470 | 1,410 |
| മാർച്ച് | 3,380 | 1870 | 1,510 |
| ഏപ്രിൽ | 2,750 | 1470 | 1280 |
| മെയ് | 3,500 | 1870 | 1,630 |
| ആകെ | 12510 | 6680 | 5830 |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.12/26-022019 ) മറുപടി ലഭിച്ചിട്ടില്ല. ടി സാഹചര്യത്തിൽ യാത്രാബത്ത ഇനത്തിൽ അധികം നൽകിയ തുക 5,830/- രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-3 സാക്ഷരതാ മിഷനിൽ നിന്നും തുക തിരികെ ലഭ്യമായതിൻെറ വിവരം അറിയിക്കേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിലെ വികസന വിദ്യാകേന്ദ്രം പ്രേരക് ശ്രീ. കെ.ടി.നിസാർ ബാബുവിന് 04/2016 മുതൽ 03/2017 വരെയുള്ള ഓണറേറിയം, സ്പെഷൽ അലവൻസ്, ഉൽസവ ബത്ത എന്നീ ഇനങ്ങളിലായി താഴെ

കാണും പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.

ചെക്ക് നം. 2487883/07-04-17 : 36,900

ചെക്ക് നം. 5168004/23-06-17 : 37,735

ആകെ : 74,635/-

തുക തിരികെ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.15/26-022019 ) മറുപടി ലഭിച്ചിട്ടില്ല പ്രസ്തുത തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭ്യമായതിൻെറ വിവരം അറിയിക്കേണ്ടതാണ്.

# 3-4 വിതരണം ചെയ്യാത്ത തുക പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്

**(എ).** പ്രൊജക്റ്റ് : PMAYഭവന നിർമ്മാണം (16-17) പ്രൊജക്റ്റ് നം. S066/18

അടങ്കൽ : 6,08,000 (പ്ലാൻ- ജനറൽ) ബിൽ നം.25/24-10-2017 : 6,08,000

മേൽ പ്രൊജക്ടിൻെറ നിർവ്വഹണത്തിനായി പിൻവലിച്ച 6,08,000 രൂപയിൽ 64,000 രൂപ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് 32,000 രൂപ വീതം വിതരണം ചെയ്യുന്നതിനായി പിൻവലിച്ചതാണ്.

1. ശ്രീമതി കുഞ്ഞീര്യ w/o.മുഹമ്മദ്, ആതവനാട്
2. ശ്രീമതി സുലൈഖ w/o. സൈനുദ്ദീൻ, എടയൂർ

ഈ ഗുണഭോക്താക്കൾക്ക് നാളിതുവരെയായി വിതരണം ചെയ്യാത്ത 64,000രൂപ പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം അറിയിക്കേണ്ടതാണ്.

**(ബി).** 2010-11 മുതൽ 2015-16 വരെയുള്ള വിവിധ ഐ.എ.വൈ. പദ്ധതികളിലെ 17 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ആയവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/26-022019 ) മറുപടി ലഭിച്ചിട്ടില്ല

# 3-5 പാലിനു സബസിഡി - വിനിയോഗ വിവരം ലഭ്യമാക്കാൻ ശേഷിക്കുന്നു

പ്രോജക്റ്റ് : SO 05/18, പാലിനു സബ്സിഡിനിർവ്വഹണം : സീനിയർ വെറ്ററിനറി സർജൻ

ബിൽ നം./തീയതി : BLK01/17-18 dt.18.12.2017 തുക : 10,00,000/- (Plan)

പ്രൊജക്റ്റ് പ്രകാരം 4 ഗ്രാമ പഞ്ചായത്തുകൾക്ക് ആകെ 10,00,000/- രൂപ അനുവദിച്ചു നൽകി. ആയതിന്റെ വിനിയോഗ വിവരം ലഭ്യമായത് താഴെ പറയും പ്രകാരമാണ്.

| ക്ര.നം. | ഗ്രാമ പഞ്ചായത്ത് | നൽകിയ തുക | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|---|---|
| 1 | ഇരിമ്പിളിയം | 1,00,000 | -- | ഒരു ലക്ഷം രൂപ നൽകിയതിന് 1,50,000 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ആയതിനാൽ പ്രസ്തുത സാക്ഷ്യ പത്രം അംഗീകരിക്കുന്നില്ല. |
| 2 | കുറ്റിപ്പുറം | 1,50,000 | 1,50,000 | |
| 3 | എടയൂർ | 4,00,000 | 4,00,000 | |
| 4 | മാറാക്കര | 3,50,000 | 1,43,399 | വിനിയോഗ വിവരം എ31106/19/ 19.02.19 നമ്പർ കത്ത് പ്രകാരം. |
| **ആകെ** | | **10,00,000** | **6,93,399** | |

മുഴുവൻ തുകയും വിനിയോഗിച്ച വിവരം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം വിനിയോഗിക്കാൻ ശേഷിക്കുന്ന തുക (3,06,601/-) തിരിച്ചടവാക്കുന്നതിന് നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതിന് എൻക്വയറി (നം.14/26.02.2019) നൽകി.മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ 3,06,601/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

# 3-6 വിതരണ സ്ഥാപനം സ്വന്തമായി ഉത്പാദിപ്പിക്കാത്തവ ടെണ്ടർ കൂടാതെ വാങ്ങി

പ്രോജക്ട് : 141/18, അഡീഷണൽ ഐ.സി.ഡി.എസ് ഓഫീസിന് കമ്പ്യൂട്ടറും പ്രിന്ററുംഫോട്ടോസ്റ്റാറ്റ് മെഷീനും വാങ്ങൽ നിർവ്വഹണം : CDPO

ബിൽ നം./തീയതി : 01/17-18 dt.14.02.2018 തുക : 1,62,000/- MG(NR)

പ്രസ്തുത പ്രോജക്ട് പ്രകാരം അഡീഷണൽ ഐ.സി.ഡി.എസ് ഓഫീസിലേയ്ക്ക് ടെണ്ടർ നടപടികൾ കൂടാതെ KSIE [Kerala State Industrial Enterprises Ltd] യിൽ നിന്നും KTMBC31/30.1.2018 ഇൻവോയ്സ് പ്രകാരം കമ്പ്യൂട്ടറും പ്രിന്ററും ഫോട്ടോസ്റ്റാറ്റ് മെഷീനും വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ഇനം | ബ്രാൻഡ് വിവരണം | എണ്ണം | നിരക്ക് (നികുതി ഉൾപ്പെടെ) | വില |
|---|---|---|---|---|
| ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ | ICER i3 with monitor | 02 | 40,000 | 80,000 |
| ഫോട്ടോസ്റ്റാറ്റ് മെഷീൻ | KYOCERA TASK alfa2200 | 01 | 73,000 | 73,000 |
| പ്രിന്റർ | BROTHER L2321D | 01 | 9,000 | 9,000 |
| **ആകെ** | | 04 | | **1,62,000** |

02.12.2016ലെ സ.ഉ.(സാധാ)3299/2016/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രാകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്ക് ടെണ്ടർ കൂടാതെ സാധന സാമഗ്രികൾ വാങ്ങുന്നത് സ്വയം നിർമ്മിക്കുന്നവയ്ക്കായി പരിമിതപ്പെടുത്തുകയും അങ്ങിനെയല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്ന് നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ടി.ഇൻവോയ്സ് പ്രകാരം വാങ്ങിയ ഉത്പന്നങ്ങൾ ബ്രാൻഡഡ് ഇനങ്ങളും KSIE നിർമ്മിക്കാത്തവയുമാണ്.

KSIEഹാജരാക്കിയ 18.11.17ലെ ജി.ഒ(എം.എസ്)24/17/ഐ&ഡി നമ്പർ ഉത്തരവ് പ്രകാരമാണ് ടെണ്ടർ കൂടാതെ സാമഗ്രികൾ വാങ്ങിയിരിക്കുന്നത്. സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് സാമഗ്രികൾ വിതരണം ചെയ്യാൻ KSIEയ്ക്ക് ആയത് പ്രകാരം അനുമതിയുണ്ടെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ടെണ്ടർ കൂടാതെ വാങ്ങുന്നതിന് 02.12.2016ലെ ഉത്തരവ് പ്രകാരം പ്രത്യേക നിർദ്ദേശമുള്ളത് അവഗണിക്കപ്പെട്ടു.

സർക്കാർ ഉത്തരവിന വിരുദ്ധമായി ടെണ്ടർ കൂടാതെ സാധന സാമഗ്രികൾ വാങ്ങിയത് സംബന്ധിച്ച് (ഓഡിറ്റ് എൻക്വയറി നം.10/25.02.2019) വിശദീകരണം ആരാഞ്ഞതിന് പ്രസ്തുത ഉത്തരവ് ശ്രദ്ധയിൽ പെടാതെ പോയതാണെന്നും KSIEഹാജരാക്കിയ 18.11.17ലെ ഉത്തരവ് പ്രകാരം അനുമതിയുണ്ടെന്ന് കരുതിയാണ് ടെണ്ടർ കൂടാതെ വാങ്ങാനിടയായതെന്നും മേലിൽ പ്രാബല്യമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് വാങ്ങുന്നതിന ശ്രദ്ധിക്കുന്നതാണെന്നും അറിയിച്ചു.

പ്രൊക്യൂർമെന്റ് നടപടികൾ പൂർണ്ണമായും പാലിച്ചുകൊണ്ടും പ്രാബല്യമുള്ള സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചും മാത്രം വാങ്ങൽ നടപടികൾ നടത്തേണ്ടതാണ്.

## 3-7 ഷ്രെഡിംഗ് മെഷീൻ ,ബെയ് ലിംഗ് മെഷീൻ എന്നിവ ഒരുമിച്ച് സ്ഥാപിച്ചില്ല

പ്രോജക്ട് : SO 139/18, മെറ്റീരിയൽ റിക്കവറി ആന്റ് ഫെസിലിറ്റേഷൻ സെന്ററിലേക്ക്

ഉപകരണങ്ങൾ (ബഹു വർഷ പ്രോജക്ട്) നിർവ്വഹണം : വ്യവസായ വികസന ഓഫീസർ

| ബിൽ നം./ തീയതി | തുക | റിമാർക്സ് |
|---|---|---|
| 01/17-18 / 14.12.17 | 1,81,509 | ക്ലീൻ കേരള കമ്പനിക്ക് നൽകി |
| 02/17-18 / 28.02.18 | 1,39,028 | KSEB,പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയ്ക്ക് നൽകി. |
| 03/17-18 / 21.03.18 | 2,59,957 | ക്ലീൻ കേരള കമ്പനിക്ക് നൽകി |
| **ആകെ** | **5,80,494** | |

ടി.പ്രോജക്ടിന്റെ പ്രവർത്തന ചെലവുകൾ വിഭാവനം ചെയ്തത് താഴെ കാണിച്ചവിധമാണ്. (പ്രൊജക്ട് ഖണ്ഡിക E പ്രകാരം)

| വർഷം | ചെലവ് ഇനം | തുക |
|---|---|---|
| 2017-18 | ഷ്രെഡിംഗ് മെഷീൻ | 4,53,772 |
| | ബെയ് ലിംഗ് മെഷീൻ 7.5 HP | 1,88,368 |
| | മെഷിനറികളുടെ ഇൻസ്റ്റലേഷൻ ചാർജ് | 24,600 |
| | മെഷിനറികളുടെ സൂപ്പർ വിഷൻ ചാർജ് | 41,000 |
| | KSEB,പൊല്യൂഷൻ കൺട്രോൾ ബോർഡ് | 1,95,060 |
| 2018-19 | ബെയ് ലിംഗ് മെഷീൻ 7.5 HP | 2,75,203 |
| | മെയിന്റനൻസ് ചെലവ് | 91,734 |
| | നടത്തിപ്പ് ചെലവ് | 1,02,794 |
| 2019-20 | മെയിന്റനൻസ് ചെലവ് | 1,00,000 |
| | നടത്തിപ്പ് ചെലവ് | 1,83,469 |
| | **ആകെ** | **16,56,000** |

ക്ലീൻ കേരള കമ്പനിയുടെ 24.11.2017ലെ 53/17-18 നമ്പർ പ്രൊഫോർമ ഇൻവോയ്സ് പ്രകാരം മെഷിനറികളുടെ ആകെ പ്രൊജക്ട് കോസ്റ്റ് താഴെ കാണിച്ച വിധമാണ്.

| | ഇനം | തുക |
|---|---|---|
| A | ഷ്രെഡിംഗ് മെഷീൻ വില (9%+9% GSTഉൾപ്പെടെ) | 4,43,772 |
| B | ബെയ് ലിംഗ് മെഷീൻ 7.5 HPവില (9%+9% GSTഉൾപ്പെടെ) | 4,63,571 |
| C | ഇൻസ്റ്റലേഷൻ ചാർജ് | 24,600 |
| D | സൂപ്പർ വിഷൻ ചാർജ് | 41,000 |
| | **ആകെ** | **9,82,943** |

എന്നാൽ ബെയ് ലിംഗ് മെഷീൻ ഒഴിവാക്കി കൊണ്ടുള്ള ക്ലീൻ കേരള കമ്പനിയുടെ 24.11.2017ലെ 53/17-18 നമ്പറിൽ തന്നെയുള്ള മറ്റൊരു പ്രൊഫോർമ ഇൻവോയ്സ് പ്രകാരമാണ് 27.11.2017 ൽ കമ്പനിയുമായി കരാർ ഒപ്പുവെച്ചിരിക്കുന്നത്.

ബെയ് ലിംഗ് മെഷീൻ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. പ്രസ്തുത മെഷീൻ ഒഴിവാക്കി കരാറിലേർപ്പെടുകയും ഷ്രെഡിംഗ് മെഷീൻ മാത്രം സ്ഥാപിക്കുകയും ചെയ്തതിനാൽ തുടർന്ന് ബെയ് ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ഇൻസ്റ്റലേഷൻ&സൂപ്പർ വിഷൻ ചാർജ് (24600+41000) വീണ്ടും നൽകേണ്ടതായി വരുന്നതാണ്.

അംഗീകൃത പ്രൊജക്ടിൽ കൃത്യമായി വിഭാവനം ചെയ്തിട്ടും ഇൻസ്റ്റലേഷൻ&സൂപ്പർ വിഷൻ ചാർജ് വീണ്ടും നൽകേണ്ട അവസ്ഥയുണ്ടാക്കും വിധം ബെയ് ലിംഗ് മെഷീൻ സ്ഥാപിക്കാത്തത് സംബന്ധിച്ച് വിശദീകരണം (ഓഡിറ്റ് എൻക്വയറി നം.17/26.02.2019) ആരാഞ്ഞതിന് ലഭ്യമാക്കിയ മറുപടിയിൽ ബെയ് ലിംഗ് മെഷീൻ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുന്ന പക്ഷം പിന്നീട് സ്ഥാപിച്ചാൽ മതിയാകുമെന്ന ക്ലീൻ കേരള കമ്പനിയുടെ ഉപദേശം സ്വീകരിച്ച് ഷ്രെഡിംഗ് മെഷീൻ മാത്രം സ്ഥാപിക്കുകയാണ് ചെയ്തതെന്നും നിലവിൽ ബെയ് ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് ക്ലീൻ കേരള കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചു. ആവശ്യമായ പഠനങ്ങൾ നടത്തി, ഫണ്ട് വകയിരുത്തി, പ്രവർത്തന കലണ്ടർ ചിട്ടപ്പെടുത്തി ആവിഷ്കരിച്ച പ്രൊജക്ടിന്റെ ഘടനയെ മാറ്റിമറിച്ച് , യന്ത്രങ്ങൾ വിതരണം നടത്തുന്ന കമ്പനിയുടെ മാത്രം ഉപദേശം സ്വീകരിച്ച് പ്രസ്തുത ബെയ് ലിംഗ് മെഷീൻ സ്ഥാപിക്കാതെ പോയത് സുതാര്യ നടപടിയല്ല.

ഇൻസ്റ്റലേഷൻ&സൂപ്പർ വിഷൻ ചാർജ് 65600/-(24600+41000) വീണ്ടും നൽകാതെ ബെയ് ലിംഗ് മെഷീൻ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-8 നിർദ്ദിഷ്ട തീയതിയിൽ കരാർ വെയ്ക്കാത്തതിന് പിഴ ഈടാക്കിയില്ല-

അസ്സി.എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ രേഖകൾ പരിശോധിച്ചതിൽ, ജി.ഒ.(പി) 13/2012/PWD/01-02-2012 പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുശാസിക്കും പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ലായെന്ന് കണ്ടു. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2009.6പ്രകാരം ചുവടെ ചേർക്കും പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ വെയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ വെച്ചില്ലെങ്കിൽ PAC യുടെ ഒരു ശതമാനം പിഴയോടുകൂടി വേണം കരാർ വെയ്ക്കേണ്ടത്.14 ദിവസവും, പിഴയോടുകൂടിയ 10 ദിവസവും

കഴിഞ്ഞും,കരാറുടമ്പടി വെയ്ക്കാത്തപക്ഷം, കരാർ റദ്ദാക്കി, ഇഎംഡി കണ്ടുകെട്ടി, ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റ് നടപടികളും സ്വീകരിക്കേണ്ടതാണ്. എന്നാൽ തൻവർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളിലൊന്നും തന്നെ ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.പിഴ ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ | സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി. | കരാർ തീയതി. | ഈടാക്കേണ്ട പിഴ-1% |
|---|---|---|---|
| പുത്തൻകോട് കുളമ്പ് റോഡ് നിർമ്മാണം.<br>പ്രൊജക്റ്റ് നം. എസ്സ്.ഒ-041/18.<br>അടങ്കൽ-500000/-<br>PAC-494671/-<br>കരാറുകാരൻ- എം.വി.ഷെരീഫ്.<br>കരാർനം./തീയതി- AE/LSGD/KTPM/14/17-18,dt.06-11-2017.<br>MB.No.03/17-18.<br>ബിൽ നം, തീയതി,തുക-400000/- 22/18, 24/02/2018,<br>94671/-cheque no.5517564/24-03-18 | 23-10-17 | 06-11-17 | 4946 |
| വട്ടപ്പറമ്പ്-കുടങ്ങാൽ പടി മൂച്ചിക്കൽ റോഡ് പുനരുദ്ധാരണം.<br>പ്രൊജക്റ്റ് നം. എസ്സ്.ഒ-131/18.<br>അടങ്കൽ-500000/-<br>PAC-496066/-<br>കരാറുകാരൻ- നൗഷാദ്.എ.<br>കരാർനം./തീയതി- AE/LSGD/KTPM/28/17-18,dt.08-01-2018.<br>MB.No.01/17-18.<br>ബിൽ നം, തീയതി,തുക-496066/- 21/18, 20/02/2018. | 11-12-17 | 08-01-18 | 4961 |
| ആകെ | | | 9907 |

സെലക്ഷൻ നോട്ടീസ് കൈപ്പറ്റി നിശ്ചിത തീയതിക്കകം കരാർ വെയ്ക്കാത്ത കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിനും, നിശ്ചിത കാലാവധി കഴിഞ്ഞും,കരാറുടമ്പടി വെയ്ക്കാത്ത

പ്രവർത്തികളുടെ, കരാർ റദ്ദാക്കി, ഇഎംഡി കണ്ടുകെട്ടി, ടെണ്ടർ നിബന്ധനകളിലെ വ്യവസ്ഥകൾ പ്രകാരമുള്ള മറ്റ് നടപടികളും സ്വീകരിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-1/22-02-2019.) മറുപടി ലഭിച്ചിട്ടില്ല. പിഴ ഈടാക്കാതിരുന്നതു മൂലം നഷ്ടം വന്ന 9907/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-9 നിശ്ചിത തീയതിക്കകം പ്രവൃത്തി പൂർത്തീകരിച്ച് കൈമാറിയില്ല-പിഴയിനത്തിൽ നഷ്ടം-12506/-രൂപ

അസ്സി.എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ രേഖകൾ പരിശോധിച്ചതിൽ, ജി.ഒ.(പി) 13/2012/PWD/01-02-2012 പ്രകാരം 2012 ൽ പുതുക്കിയ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ സെക്ഷൻ 2116.1 അനുശാസിക്കും പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല എന്ന് കണ്ടു. ടി സെക്ഷൻ പ്രകാരം,കരാർ ഉടമ്പടി പ്രകാരമുള്ള നിശ്ചിത തീയതിക്കകം പ്രവർത്തി പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്ത സംഗതികളിൽ, കരാറുകാർ പ്രവർത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി അസ്സി.എൻജിനീയർ മുഖേന അപേക്ഷ നൽകാത്ത പക്ഷം,പ്രവർത്തി പൂർത്തീകരണത്തിനായി അനധികൃതമായി എടുക്കുന്ന ഓരോ ആഴ്ചക്കും,കരാർ തുകയുടെ 0.1%( പരമാവധി കരാർ തുകയുടെ 10%) ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കാതിരുന്നതു മൂലമുണ്ടായ നഷ്ടത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ | പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി. /പൂർത്തീകരിച്ച തീയതി. | അധികം എടുത്ത ദിവസങ്ങൾ / ആഴ്ചകൾ. | ഈടാക്കേണ്ട പിഴ.1% |
|---|---|---|---|
| മാറാക്കര ഗ്രാമ പഞ്ചായത്തിൽ എംഇഎസ്സ്-നെല്ലിത്തടം റോഡ് നവീകരണം-<br>പ്രൊജക്ട് നം. എസ്സ്.ഒ-110/18.<br>അടങ്കൽ-500000/-<br>PAC-405404/-<br>കരാറുകാരൻ- എ.നൗഷാദ്.<br>കരാർനം./തീയതി-AE/LSGD/KTPM/22/16-17,dt.13-01-2017.<br>MB.No.28/16-17.<br>ബിൽ നം, തീയതി,തുക-05/18, 17/07/2017, 405404/- | 31-03-17/29-04-17 | 29/5 | 2027/- |
| കരേക്കാട്-മൂച്ചിക്കൽ | 31-03-17/25-04-17. | 25/04 | 3120/- |

| | | | |
|---|---|---|---|
| ചട്ടിച്ചോല റോഡ് പുനരുദ്ധാരണം.<br><br>പ്രൊജക്റ്റ് നം. എസ്സ്.ഒ-113/18.<br><br>അടങ്കൽ-1000000/-<br><br>PAC-780003/-<br><br>കരാറുകാരൻ- നൗഷാദ്.എ.<br><br>കരാർനം./തീയതി- AE/LSGD/KTPM/25/16-17,dt.17-07-2017.<br><br>MB.No-27/16-17<br><br>ബിൽ നം, തീയതി,തുക- 06/17-18, 17/07/2017. 780003/- | | | |
| ചേലക്കുണ്ട്-എസ്സ്സി-നിരപ്പ് റോഡ് പുനരുദ്ധാരണം.<br><br>പ്രൊജക്റ്റ് നം. എസ്സ്.ഒ-111/18.<br><br>അടങ്കൽ-500000/-<br><br>PAC-394812/-<br><br>കരാറുകാരൻ- നൗഷാദ്.എ.<br><br>കരാർനം./തീയതി- AE/LSGD/KTPM/24/16-17,dt.17-07-2017.<br><br>MB.No-29/16-17<br><br>ബിൽ നം, തീയതി,തുക- 07/17-18, 17/07/2017. 394812/- | 31-03-17/28-04-17. | 28/04 | 1579/- |
| നടുവട്ടം-പാറ റോഡ് പുനരുദ്ധാരണം.<br><br>പ്രൊജക്റ്റ് നം. എസ്സ്.ഒ-108/18.<br><br>അടങ്കൽ-500000/-<br><br>PAC-452977/- | 31-03-17/28-04-17. | 28/04 | 1812/- |

| | | | |
|---|---|---|---|
| കരാറുകാരൻ- അബ്ദുൾ കരീം.പി.പി.<br><br>കരാർനം./തീയതി- AE/LSGD/KTPM/32/16-17,dt.19-01-2017.<br><br>MB.No-34/16-17<br><br>ബിൽ നം, തീയതി,തുക- 10/17-18, 21/07/2017. 452977/- | | | |
| ഹെൽമക്ക് ബദർ പള്ളി റോഡ് പുനരുദ്ധാരണം.<br><br>പ്രൊജക്റ്റ് നം. എസ്സ്.ഒ-107/18.<br><br>അടങ്കൽ-500000/-<br><br>PAC-498336/-<br><br>കരാറുകാരൻ- അബ്ദുൾ കരീം.പി.പി.<br><br>കരാർനം./തീയതി- AE/LSGD/KTPM/31/16-17,dt.19-01-2017.<br><br>MB.No-36/16-17<br><br>ബിൽ നം, തീയതി,തുക- 11/17-18, 21/07/2017. 498336/- | 31-03-17/25-04-17. | 25/04 | 1993/- |
| ഊരോത്ത് പള്ളിയാൽ പകരനല്ലൂർ റോഡ് പുനരുദ്ധാരണം.<br><br>പ്രൊജക്റ്റ് നം. എസ്സ്.ഒ-109/18.<br><br>അടങ്കൽ-500000/-<br><br>PAC-493812/-<br><br>കരാറുകാരൻ- അബ്ദുൾ കരീം.പി.പി.<br><br>കരാർനം./തീയതി- AE/LSGD/KTPM/29/16-17,dt.19-01-2017. | 31-03-17/26-04-17. | 26/04 | 1975/- |

| | | | |
|---|---|---|---|
| MB.No-35/16-17<br>ബിൽ നം, തീയതി,തുക-12/17-18, 21/07/2017, 400000/-<br>ചെക്ക് നം.5588116/12-10-17,43812/- | | | |
| ആകെ | | | 12506/- |

പ്രവർത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനായി അസ്സി.എൻജിനീയർ മുഖേന അപേക്ഷ നൽകാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കാതെ മുഴുവൻ തുക അനുവദിച്ചതിനും, ദീർഘീകരണത്തിനുള്ള അപേക്ഷ വാങ്ങാതെ പ്രവർത്തി പൂർത്തീകരിക്കാനനുവദിച്ചതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 2-ാം നമ്പർ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല . പിഴ ഈടാക്കാതിരുന്നതു മൂലം നഷ്ടം വന്ന 12506/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-10 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത്-ആദായനികുതി ഈടാക്കിയില്ല

പ്രൊജക്ട് നം. 117/18 അടങ്കൽ-150000/-

ചെലവ് വിവരം - 148180/- ബിൽ നം.3/17-18, തീയതി - 30-06-17

അസ്സി.എക്സിക്യൂട്ടീവ് എൻജിനീയറുടെ ആഫീസിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്ന പദ്ധതി പ്രകാരം മൂന്ന് കമ്പ്യൂട്ടറുകളും രണ്ട് പ്രിന്ററുകളും വാങ്ങുന്നതിനായി ടെണ്ടർ ചെയ്തതിൽ, ടെണ്ടറുകൾ ഒന്നും തന്നെ ലഭിക്കാതെ വന്ന സാഹചര്യത്തിൽ റീ-ടെണ്ടർ ചെയ്യുകയും, തുടർന്ന് ലഭിച്ച " വിശ്വാസ് കമ്പ്യൂട്ടേഴ്സ്, 1st ഫ്ലോർ, കെ.എസ്സ്.ബിൽഡിംഗ്,വടക്കാഞ്ചേരി റോഡ്, കുന്നംകുളം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തുകയും, ആയതിന്റെ വിലയിനത്തിൽ മേൽ രേഖപ്പെടുത്തിയത് പ്രകാരം തുക നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല. കേന്ദ്ര ആദായനികുതി നിയമത്തിലെ 194 സി വകുപ്പ് പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തികൾക്ക്,ബില്ലിൽ TAN/PAN നമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം, വ്യക്തികളാണെങ്കിൽ ഒരു ശതമാനവും, സ്ഥാപനമാണെങ്കിൽ രണ്ട് ശതമാനവും ആദായ നികുതി ഈടാക്കേണ്ടതാണ്. അതിൻ പ്രകാരം ടി സ്ഥാപനത്തിൽ നിന്നും 2964/-രൂപ ( 148180 x 2%) ഈടാക്കേണ്ടതായിരുന്നു. എന്നാൽ ബില്ലിൽ നിന്നും തുകയൊന്നുംതന്നെ ഈടാക്കിയിട്ടില്ല. തന്മൂലം 2964/-രൂപ കരാറുകാരന് അധികം നൽകാനിടയായിട്ടുണ്ട്.ഇപ്രകാരം ആദായനികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി4/22-02-2019) മറുപടി ലഭിച്ചിട്ടില്ല. ടി സാഹചര്യത്തിൽ 2964/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

# 3-11 ക്രമവിരുദ്ധമായി സർവ്വീസ് ടാക്സ് ഒടുക്കിയത് മൂലം അധികചെലവ്-

1994-ലെ ഫിനാൻസ് ആക്ട് ചാപ്റ്റർ V സെക്ഷൻ 66E (h) പ്രകാരം വർക്ക് കോൺട്രാക്ടിൽ ഉൾപ്പെടുന്ന സേവന ഭാഗത്തെ ഡിക്ലയേഡ് സർവ്വീസ് ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സേവനങ്ങൾക്ക് അതത്

കാലം പ്രാബല്യത്തിലുള്ള നിരക്കിൽ സേവന നികുതി ഈടാക്കേണ്ടതാണ്. ധനകാര്യ മന്ത്രാലയത്തിന്റെ 20.06.2012ലെ 25/12 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം സേവന നികുതി ഒടുക്കുന്നതിൽ നിന്നും നിശ്ചിത സേവനങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിലെ ക്രമ നം.12 പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ വാടകയ്ക്ക് നൽകുവാനായോ വ്യവസായ/ വാണിജ്യ ആവശ്യങ്ങൾക്കായോ പണികഴിപ്പിക്കുന്ന കെട്ടിട ങ്ങൾ ഒഴികെ തദ്ദേശ സ്ഥാപനങ്ങൾക്ക് വേണ്ടി നിർമ്മിച്ച് നല്കുന്ന കെട്ടിടങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ട വർക്ക്, റിപ്പയർ,മെയിന്റനൻസ് കോൺട്രാക്ടിലെ സേവനങ്ങളെ സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ പിന്നീട് 01.03.2015-ലെ 06/2015 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം മേൽ നോട്ടിഫിക്കേഷനിലെ ഇനം-12-ലെ a,c,f എന്നിവയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങളെ സേവന നികുതിയിൽ നിന്നും ഒഴിവാക്കിയത് ഡിലിറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് 01.03.2016-ലെ 09/2016 നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം 25/2012-ലെ നോട്ടിഫിക്കേഷനിലെ ഇനം.12 ന് താഴെയായി 12A (a),(b),(c) എന്ന ഇനമായി മേൽ ഇനങ്ങൾ സേവന നികുതി നല്കുന്നതിൽ നിന്നും ഒഴിവാക്കി വീണ്ടും കൂട്ടിച്ചേർക്കുകയുണ്ടായി.

എന്നാൽ 2017-18 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവർത്തികളിൽ പ്രോജക്ടിന്റെ ആകെ മൂല്യത്തോടൊപ്പം സേവന നികുതി ഇനത്തിൽ 6% തുക കൂടി ഉൾപ്പെടുത്തി, കരാറുകാരൻ തുക ഒടുക്കിയതിന്റെ രസീത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ചവിധം സേവന നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയ പ്രവർത്തിക്ക് ഈയിനത്തിൽ കൺവീനർക്ക് തുക നൽകിയത് മൂലം ബ്ലോക്ക്പഞ്ചായത്തിന് ചുവടെ ചേർക്കും പ്രകാരം അധികചെലവ് സംഭവിച്ചിട്ടുണ്ട്.

| പ്രവർത്തിയുടെ വിവരങ്ങൾ | PAC | 6%നിരക്കിൽ കരാറുകാരന് അധികം നൽകിയ തുക. |
|---|---|---|
| കൽപ്പകഞ്ചേരി നെല്ലിക്കുന്ന് അംഗനവാടി ഇലക്ട്രിഫിക്കേഷൻ.<br>പ്രൊജക്ട് നം. എസ്സ്.ഒ-102/18.<br>അടങ്കൽ-35000/-<br>കരാറുകാരൻ- മുസ്തഫ.പി.<br>കരാർനം./തീയതി-AEE/LSGD/KTPM/03/17-18,dt.06-05-2017.<br>MB.No.2/17-18.<br>ബിൽ നം, തീയതി,തുക- 15/18, 30/10/2017, 34533/- | 32578 | 1955 |
| ഇരുമ്പിളിയം കൊട്ടുമുടി വളവ് അംഗനവാടി ഇലക്ട്രിഫിക്കേഷൻ.<br>പ്രൊജക്ട് നം. എസ്സ്.ഒ-103/18.<br>അടങ്കൽ-35000/-<br>കരാറുകാരൻ- മുസ്തഫ.പി. | 32533/- | 1953 |

| | | | |
|---|---|---|---|
| കരാർനം./തീയതി-AEE/LSGD/KTPM/01/17-18,dt.06-05-2017.<br>MB.No-45/16-17<br>ബിൽ നം, തീയതി,തുക- 16/17-18, 30/10/2017. 34506/- | | | |
| കൽപ്പകഞ്ചേരി നെല്ലിക്കുന്ന് അംഗനവാടി നിർമ്മാണം.<br>പ്രൊജക്റ്റ് നം. എസ്സ്.ഒ-102/18.<br>അടങ്കൽ-1000000/-<br>കരാറുകാരൻ- എ.നൗഷാദ്.<br>കരാർനം./തീയതി-AEE/LSGD/KTPM/26/16-17,dt.15-01-2017.<br>MB.No.41,42,43/16-17.<br>ബിൽ നം, തീയതി,തുക- 17/18, 30/10/2017, 960357/- | 905997 | 54360 | |
| ബ്ലോക്ക് പഞ്ചായത്ത് മെയിൻ ബിൽഡിംഗ് അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ.<br>പ്രൊജക്റ്റ് നം. എസ്സ്.ഒ-116/18.<br>അടങ്കൽ-2250000/-<br>കരാറുകാരൻ- ഫാബിദ് റഹ്മാൻ.<br>കരാർനം./തീയതി-AEE/LSGD/KTPM/33/17-18,dt.23-01-2017.<br>MB.No-44/16-17,36/17-18.<br>ബിൽ നം, തീയതി,തുക- 18/17-18, 18/01/2018. 1122753/-(ഫൈനൽ ബിൽ) | 1122753 | 67365 | |
| ഇരുമ്പിളിയം കൊട്ടുമുടി വളവ് അംഗനവാടി നിർമ്മാണം.<br>പ്രൊജക്റ്റ് നം. എസ്സ്.ഒ-103/18.<br>അടങ്കൽ-1000000/-<br>കരാറുകാരൻ- എ.നൗഷാദ്.<br>കരാർനം./തീയതി-AEE/LSGD/KTPM/23/16-17,dt.13-01-2017.<br>MB.No-45/16-17,145/17. | 795623 | 47738 | |

| | | |
|---|---|---|
| ബിൽ നം, തീയതി,തുക- 20/17-18, 30/01/2018. 795623/- | | |
| ആകെ | | 173371/- |

മേൽ രേഖപ്പെടുത്തിയ പ്രകാരം വികസന ഫണ്ടിൽ നിന്നും തുക അധികം ചെലവഴിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-3/22-02-2019.) മറുപടി ലഭിച്ചിട്ടില്ല. കരാറുകാർക്ക് നൽകിയ തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ രേഖപ്പെടുത്തിയതിൽ ബ്ലോക്ക് പഞ്ചായത്ത് മെയിൻ ബിൽഡിംഗ് അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ എന്ന പ്രവർത്തിയുടെ സേവന നികുതിയിനത്തിൽ കരാറുകാരന് നൽകിയ 67365 രൂപ, കരാറുകാരൻ , ബാങ്കിൽ ടി തുക ഒടുക്കിയ രസീത് ഹാജരാക്കാതെയാണ് നൽകിയിട്ടുള്ളത്.തുക ഒടുക്കിയതിന്റെ ഒറിജിനൽ രസീത് ഓഡിറ്റിൽ ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 173371/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-12 വ്യവസായ എസ്റ്റേറ്റിലെ വനിത, പട്ടികജാതി വ്യവസായ കേന്ദ്രങ്ങൾ ഉപയുക്തമാക്കിയിട്ടില്ല.

എടയൂർ ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ബ്ലോക്ക് പഞ്ചായത്തിന്റെ 2.49 ഏക്കർ വിസ്തൃതിയുള്ള വ്യവസായ എസ്റ്റേറ്റിലെ 1.75 ഏക്കർ സ്ഥലം 7 സംരംഭകർക്ക് 30 വർഷ പാട്ടമായും ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിനും വേണ്ടി അനുവദിച്ചിട്ടുണ്ട്. 1998-99 വർഷത്തിൽ ആർജ്ജിച്ച ഭൂമിയിൽ വിവധ വർഷങ്ങളിലായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 41,12,377/- രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. 2000-01ൽ 6,77,082/- രൂപ ചെലവ് ചെയ്ത് നിർമ്മിച്ച വനിതാ വ്യവസായ കേന്ദ്രം കെട്ടിടം (പ്രൊജക്ട് -22/2000-01,വനിതാ വ്യവസായ കേന്ദ്രം അടിസ്ഥാന സൗകര്യമൊരുക്കൽ) , അതേ വർഷം തന്നെ നിർമ്മിച്ച 8,73,879/-രൂപയുടെ പട്ടികജാതി വ്യവസായ കേന്ദ്രം (78/2000-01, പട്ടികജാതി വ്യവസായ കേന്ദ്രം അടിസ്ഥാന സൗകര്യമൊരുക്കൽ) എന്നിവയും ഇതിൽ ഉൾപ്പെടുന്നു. 27.02.2019ന് പ്രസ്തുത വ്യവസായ എസ്റ്റേറ്റ് സെക്രട്ടറി ,വ്യവസായ വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ സന്ദർശിച്ചു.പരാമർശിച്ച രണ്ട് കെട്ടിടങ്ങളും ഉദ്ദേശ ലക്ഷ്യത്തിനു ഉപയുകതമാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.പട്ടികജാതി വ്യവസായ കേന്ദ്രം ദ്രവിച്ചു തുടങ്ങുകയും സാമൂഹ്യ വിരുദ്ധരുടെ താവളവുമായ നിലയിലാണെന്നും കണ്ടു.നിലവിൽ പ്ലോട്ടുകൾ അനുവദിച്ചതിൽ വനിതാ , പട്ടികജാതി കേന്ദ്രങ്ങൾ മറ്റു സംരംഭകർക്ക് അനുവദിക്കപ്പെട്ടിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കപ്പെടേണ്ടതാണ്. രണ്ടു കേന്ദ്രങ്ങളും ഉദ്ദേശ ലക്ഷ്യത്തിനു ഉപയുകതമാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

# 3-13 കരാർ, കരാർ രജിസ്റ്റർ തുടങ്ങിയവയിൽ പൂർത്തീകരണ തീയതി/കാലയളവ് രേഖപ്പെടുത്തുന്നില്ല.

2017-18 വർഷത്തെ വിവിധ മരാമത്ത് പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് രജിസ്റ്റർ, എഗ്രിമെന്റ്, ടെണ്ടർ രജിസ്റ്റർ തുടങ്ങിയവ പരിശോധിച്ചതിൽ, ടി രേഖകളിലും, രജിസ്റ്ററുകളിലുമൊന്നും തന്നെ കരാർ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ലായെന്ന് കണ്ടു.തന്മൂലം, നിർദ്ദിഷ്ട തീയതിയിൽ പ്രവർത്തി പൂർത്തീകരിച്ചോ,വീഴ്ചവരുത്തിയവരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയിട്ടുണ്ടോ, തുടങ്ങിയ വിവരങ്ങളൊന്നും തന്നെ പരിശോധിക്കാൻ കഴിയുന്നില്ല. ഇപ്രകാരം പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ചില പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പ്രവർത്തിയുടെ പേര് | കരാറുകാരൻ |
|---|---|---|---|

| | | | |
|---|---|---|---|
| 1. | SO-118/18 | പനച്ചിക്കുണ്ട് - എസി നിരപ്പ് റോഡ് | കെ.പി. അബ്ദുൾഗഫൂർ |
| 2. | SO-119/18 | കൊളക്കാട് - പുതുക്കാട് പള്ളിയിൽ റോഡ് നവീകരണം | പി.പി.അബ്ദുൾകരീം |
| . | SO-116/18 | ബ്ലോക്ക് പഞ്ചായത്ത് മെയിൻ ബിൽഡിംഗ് അടിസ്ഥാന സൗകര്യം വികസിപ്പിക്കൽ. | ഫാബിദ് റഹ്മാൻ |
| 4. | SO-100/18 | മുഴങ്ങാടി അംഗനവാടി കെട്ടിട നിർമ്മാണം. | വി.രാജകുമാരൻ |
| 5. | SO-115/18 | മുളയംകുന്ന് - പുന്നാം ചോല റോഡ് നവീകരണം | പി.മുഹമ്മദ് ബഷീർ. |
| 6. | SO-134/17 | ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് റീ-വയറിംഗ് | മുസ്തഫ. |
| 7. | SO-090/18 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ നിർമ്മാണം | മുസ്തഫ. |
| | | | |

മേൽ സൂചിപ്പിച്ച രീതിയിൽ അനുബന്ധ രേഖകളിലും രജിസ്റ്ററുകളിലും ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഓഡിറ്റ് (എൻക്വയറി-7/22-02-2019.) മറുപടി ലഭിച്ചിട്ടില്ല .മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധ രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതുമാണ്.

# 3-14 ഡിസ്മാന്റലിംഗിലൂടെ ലഭിച്ച മണ്ണ് പുനരുപയോഗിക്കാതെ ഗ്രാവൽ ഫില്ലിംഗിന് പ്രത്യേകം തുക നൽകി-

പ്രവർത്തി-ഊരോത്ത് പള്ളിയാൽ പകരനല്ലൂർ റോഡ് പുനരുദ്ധാരണം.

പ്രൊജക്ട് നം. എസ്സ്.ഒ-109/18. അടങ്കൽ-500000/-

കരാറുകാരൻ- അബ്ദുൾ കരീം.പി.പി. MB.No-35/16-17

ബിൽ നം, തീയതി,തുക- 12/17-18, 21/07/2017 തുക - 400000/-

ചെക്ക് നം.5588116/12-10-17,43812/-

അസ്സി.എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഊരോത്ത് പള്ളിയാൽ പകരനല്ലൂർ റോഡ് പുനരുദ്ധാരണം എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം, പ്രതലം താഴ്ന്ന്,വെള്ളം കെട്ടിക്കിടക്കുന്നതു മൂലം ടാർ പൊട്ടിപ്പൊളിഞ്ഞ 70 മീറ്റർ ഭാഗം റീ-ടാർ ചെയ്യുക,110 മീറ്റർ നീളത്തിലും, ശരാശരി 70cm.വീതിയിലും, 15cm.കനത്തിലും 1:2:4 അനുപാതത്തിൽ കോൺക്രീറ്റ് ചെയ്ത് ഐറിഷ് ഡ്രെയിൻ നിർമ്മിക്കുക എന്നിവയായിരുന്നു ലക്ഷ്യമിട്ടിരുന്നത്.പ്രവർത്തി നിർവ്വഹിച്ചപ്പോൾ, 70 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും, 10cm.കനത്തിലും നിലവിലെ ടാർറോഡിലെ പൊട്ടിപ്പൊളിഞ്ഞ ഭാഗം കുത്തിയിളക്കി നിരപ്പാക്കുകയും, ആയതിന് 18m3 അളവ് നിർണ്ണയിക്കുകയും, അതിൽ നിന്നും വെള്ളം ഒഴുകി ഒലിച്ചുപോയതിന്റെ പേരിൽ 50% കുറവ് ചെയ്ത്,ബാക്കിയുള്ള 9m3ന് ,290/m3 നിരക്കിൽ മൂല്യം നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ഇതിൽ നിന്നും ഡിസ്മാന്റലിംഗിലൂടെ ലഭിച്ച 9m3 പൊളിഞ്ഞ ടാർ ഭാഗങ്ങളും

മണ്ണും അവിടെ അവശേഷിക്കുന്നുവെന്ന് വ്യക്തമാണ്. എന്നാൽ റീടാറിംഗിനായി ടി പ്രതലം 30cm.ഉയർത്തുന്നതിനായി 15cm.കനത്തിൽ 30.24m3 ഗ്രാവൽ മിക്സ്, m3ന് 1850/- രൂപ നിരക്കിൽ വാങ്ങി ഫില്ലിംഗ് നടത്തുകയും, അതിനുമുകളിൽ 15cm.കനത്തിൽ WMM ഉം ആണ് നിർവ്വഹിച്ചിട്ടുള്ളത്. ഡിസ്മാന്റലിംഗിലൂടെ ലഭിച്ച 9m3 പൊളിഞ്ഞ ടാർ ഭാഗങ്ങളും മണ്ണും ഉപയോഗിച്ചതിന് ശേഷമുള്ള അളവിന് മൂല്യം നിർണ്ണയിക്കേണ്ടതിന് പകരം 30.24m3 അളവിലുള്ള ഗ്രാവലിന് മൂല്യം നിർണ്ണയിച്ച് നൽകിയത് മൂലം ചുവടെ ചേർക്കും പ്രകാരം അധിക ചെലവുണ്ടായി.

ഫില്ലിംഗിന് ഉപയോഗിച്ച ഗ്രാവലിന്റെ അളവ്- 30.24m3

ഡിസ്മാന്റലിംഗിലൂടെ ലഭിച്ച മണ്ണിന്റെ അളവ് - 9.00m3

ബാക്കി ആവശ്യമായ ഗ്രാവലിന്റെ അളവ് = 30.24m3 – 9.00m3 = 21.24m3

m3ന് 1850/- രൂപ നിരക്കിൽ അനുവദനീയമായ തുക = 1850 x 21.24= 39294

നൽകിയ തുക = 55944/-രൂപ

അധികം നൽകിയ തുക = 55944 – 39294 = 16650/-രൂപ

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-6/22-02-2019.) മറുപടി ലഭിച്ചിട്ടില്ല. അധികം നൽകിയ 16650/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-15 വിവിധ മരാമത്ത് പ്രവർത്തികളിൽ എർത്ത് വർക്ക് എക്സ്കവേഷനിലൂടെ ലഭിച്ച മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്താത്തത്-

അസ്സി.എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധറോഡ് വർക്കുകളിൽ ടാറിംഗിനൊപ്പം, റോഡിന്റെ ഇരുവശവും ഐറിഷ് ഡ്രെയിൻ നിർമ്മിക്കുന്നതിനായി 15cm.കനത്തിൽ മണ്ണ് നീക്കം ചെയ്യതിലൂടെ വളരെയധികം മണ്ണ് ലഭ്യമായിട്ടുണ്ട്. ലഭ്യമായ സ്ഥലത്തുനിന്നും ആയത് നീക്കം ചെയ്യുമ്പോഴുണ്ടകുന്ന നഷ്ടവും, ആയതിലടങ്ങിയിരിക്കുന്ന ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതു മൂലമുണ്ടാകുന്ന കുറവും പരിഗണിച്ചാൽ തന്നെയും, ഇപ്രകാരം ലഭിക്കുന്ന മണ്ണിന്റെ ഏറ്റവും കുറഞ്ഞത് 60% എങ്കിലും പുനരുപയോഗപ്രദമാണ്. ആയതിന്റെഎന്നാൽ പുനരുപയോഗം അളവുപുസ്തകത്തിൽ രേഖപ്പെടുത്തുകയോ,ബില്ലിൽ നിന്നും ടിയിനത്തിൽ തുക കുറവു ചെയ്യുകയോ ചെയ്തിട്ടില്ല.റോഡിന്റെ ഇരുവശവും ശരാശരി 70cm.വീതിയിൽ കോൺക്രീറ്റ് ചെയ്തിരിക്കെ, ഇപ്രകാരം ലഭിച്ച മണ്ണ് വശങ്ങൾ ഫില്ല് ചെയ്യുന്നതിന് ഉപയോഗിച്ചുവെന്നതിനും സാധ്യതയില്ല.പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയിട്ടുള്ള ഡേറ്റാ അനാലിസിസിലെ സ്പെസിഫിക്കേഷൻ കോഡ് 50.2.26.1 പ്രകാരം തുറന്ന പ്രതലത്തിലെ ഫില്ലിംഗ് പ്രവർത്തികൾക്ക് അനുവദനീയമായ നിരക്ക് എം3ന് 255.64/- രൂപയാണ്. (DSR – 2016,Cost Index – 37.25%) . ഇപ്രകാരം ഓരോ പ്രവർത്തിയിലും ലഭ്യമായ മണ്ണിന്റെ വിവരവും, വേസ്റ്റേജിന് ശേഷം ഉപയോഗപ്രദമായ മണ്ണിന്റെ അളവും, ആയതിന് ഗ്രാവലിന്റെ വിലയനുസരിച്ച് നിലവിലുള്ള നിരക്കും ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ വിവരങ്ങൾ | കുഴിച്ചെടുത്ത മണ്ണിന്റെ അളവ്. | പുനരുപയോഗയോഗ്യമായ മണ്ണിന്റെ അളവ്.(മിനിമം 60%) | മറ്റ് പ്രവർത്തികൾക്ക്ഗ്രാവൽ ഫില്ലിംഗിന് നൽകിയ നിരക്ക് പ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ വില.(255.64/m3 നിരക്കിൽ) |
|---|---|---|---|

| | | | |
|---|---|---|---|
| കരേക്കാട്മൂച്ചിക്കൽചട്ടിച്ചോല റോഡ് പുനരുദ്ധാരണം.<br>പ്രൊജക്റ്റ് നം. എസ്സ്.ഒ-113/18.<br>PAC-780003/-<br>കരാറുകാരൻ- നൗഷാദ്.എ.<br>MB.No-27/16-17<br>ബിൽ നം, തീയതി,തുക- 06/17-18, 17/07/2017. 780003/- | 83.47m3 | 50.08m3 | 12802/- |
| ചേലക്കുണ്ട്-എസ്സ്സി-നിരപ്പ് റോഡ് പുനരുദ്ധാരണം.<br>പ്രൊജക്റ്റ് നം. എസ്സ്.ഒ-111/18.<br>PAC-394812/-<br>കരാറുകാരൻ- നൗഷാദ്.എ.<br>MB.No-29/16-17<br>ബിൽ നം, തീയതി,തുക- 07/17-18, 17/07/2017. 394812/- | 52.39m3 | 31.43m3 | 8035/- |
| പൈങ്കണ്ണൂർ - ആലിക്കൽപ്പടി വെങ്ങാല്ലൂർറോഡ്നവീകരണം.<br>പ്രൊജക്റ്റ് നം. എസ്സ്.ഒ-111/18.<br>PAC-496884/-<br>കരാറുകാരൻ - എം.വി.അവറാൻകുട്ടി.<br>MB.No-02/17-18.<br>ബിൽ നം, തീയതി,തുക- 24/17-18, 24/02/2018, 400000/-<br>ചെക്ക് നം.5517564 dt.24-03-18. | 109.20m3<br>(364m2 x 0.30cm.) | 65.52m3 | 16750/- |
| മാമ്പ്ര – തൊടിപ്പാറ ബൈപാസ്സ് റോഡ് നവീകരണം<br>പ്രൊജക്റ്റ് നം. എസ്സ്.ഒ-129/18.<br>PAC-496338/-<br>കരാറുകാരൻ - എം.വി.അവറാൻകുട്ടി.<br>MB.No-07/17-18.<br>ബിൽ നം, തീയതി,തുക- 32/17-18, 16/03/2018, 450000/-<br>46338/- ചെക്ക് നം.5517564 dt.24-03-18. | 63.90m3<br>(213m2 x 0.30cm.) | 38.34m3 | 9801/- |
| ആകെ | | | 47338 |

മേൽ സൂചിപ്പിച്ച പ്രകാരം കുഴിച്ചെടുത്ത മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തുകയോ, ആയതിന്റെ വില ബില്ലിൽ നിന്നും കുറവു ചെയ്യുകയോ ചെയ്യാതെ കരാറുകാർക്ക് മുഴുവൻ തുകയും നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-8/23-02-2019.) മറുപടി ലഭിച്ചിട്ടില്ല. ടി സാഹചര്യത്തിൽ അധികം നൽകിയ 47338/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-16 കരാറുകാരന് അധികം കൊടുത്ത തുക തിരികെ ഈടാക്കിയതിൽ കുറവ്

അസ്സി.എക്സിക്യൂട്ടീവ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മുണ്ടൻമാരിൽ എസ്സ്.സി കോളനി (എടമ്പലം) റോഡ് നവീകരണം എന്ന പ്രവർത്തിയിൽ കരാറുകാരൻ ക്വോട്ട് ചെയ്തിരുന്ന തുക 1188443/-രൂപയാണ്.എന്നാൽ ആകെ മൂല്യം നിർണ്ണയിച്ച് തുക നൽകിയപ്പോൾ അധികം തുക കരാറുകരന് നൽകി. പിന്നീട് ടി തുക 26-03-2018 ൽ ചെല്ലാൻ നം.99/03-12-2018 പ്രകാരം വളാഞ്ചേരി സബ്ട്രഷറിയിൽ തിരികെ ഒടുക്കിയപ്പോൾ മുഴുവൻ തുകയും ഈടാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം. എസ്സ്.ഒ-062/17. PAC -1188443/-

കരാറുകാരൻ- മുഹമ്മദ് ബഷീർ MB.No-15/17-18

ബിൽ നം, തീയതി,തുക- 37/17-18, 26/03/2018. തുക - 1296641/-

അധികം നൽകിയത് - 1296641 - 1188443 = 108198/-

തിരികെ ഈടാക്കിയ തുക -103812/-

കുറവ് = 108198 - 103812 = 4386/-

26-03-2018 മുതൽ 03-12-2018 വരെ 8% നിരക്കിൽ

ഈടാക്കിയ പലിശ (8 മാസത്തേക്ക്) = 5537/-

26-03-2018 മുതൽ 03-12-2018 വരെ 8% നിരക്കിൽ

ഈടാക്കേണ്ട പലിശ (8.5 മാസത്തേക്ക്) = 6131/-

കുറവ് 6131- 5537 = 594/-

ആകെ കുറവ് = 4386 + 594 = 4980/-

മേൽ സൂചിപ്പിച്ച അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-19/26-02-2019.) മറുപടി ലഭിച്ചിട്ടില്ല. ടി സാഹചര്യത്തിൽ അധികം നൽകിയ 4980/-രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-17 ഷ്രെഡിംഗ് യൂണിറ്റ് പ്രവർത്തനം ഏകോപിപ്പിച്ചിട്ടില്ല

SO139/18 നമ്പർ പ്രൊജക്ട് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ വ്യവസായ എസ്റ്റേറ്റിൽ സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റിന്റെ വൈദ്യുതി കരം 2018 മെയ് മാസം മുതൽ ബ്ലോക്ക് പഞ്ചായത്ത് അടവാക്കി വരുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പും വരവുചെലവുകളും സംബന്ധിച്ച് താഴെ പറയുന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.18/26.02.2019) നൽകി.

1.സ്ഥാപനം പ്രവർത്തനം ആരംഭിച്ച തീയതി.

2.ദിനം പ്രതി സ്ഥാപനത്തിലെത്തുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ അളവുകളും ദിനേന ഉത്പാദിപ്പിക്കുന്ന ഷ്രെഡെഡ് പ്ലാസ്റ്റികിന്റെ ളക്കവും ആയത് വിൽപന നടത്തി ലഭിക്കുന്ന ആദായവും ഉൾപ്പെടെയുള്ള കണക്കുകൾ സൂക്ഷിക്കുന്നത് ആരാണ്. പ്രസ്തുത കണക്കുകൾ ബ്ലോക്ക്പഞ്ചായത്ത് മേൽ പരിശോധന നടത്തിയ ഏറ്റവും ഒടുവിലെ തീയതി.

3.വിൽപന നടത്തി ലഭിക്കുന്ന ആദായം ബ്ലോക്ക്പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടോ. നാളിതുവരെ എത്ര രൂപയുടെ ഉത്പന്നം വിൽപന നടത്തി. കിലോയ്ക്ക് എത്ര രൂപ നിരക്കിലാണ് വിൽപന നടത്തുന്നത്.

4. ഓരോ ഗ്രാമ പഞ്ചായത്തിൽ നിന്നും ദിവസവും ശേഖരിക്കുന്ന ശരാശരി പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക്.

5.യൂണിറ്റിനു വേണ്ടി ആകെ എത്ര പേർ തൊഴിലെടുക്കുന്നു. അവർക്ക് ലഭിക്കുന്ന പ്രതിഫലം.

6.യൂണിറ്റിനെ ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ.ഇല്ലെങ്കിൽ കാരണം.

7.യൂണിറ്റിന്റെ വരവ് ചെലവുകളുൾപ്പെടെ കാര്യങ്ങൾ നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിലെ ഏതെങ്കിലും ഉദ്യോഗസ്ഥനെയോ സെക്ഷനെയോ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം.എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 27/02/2019 ന് സെക്രട്ടറി,വ്യവസായ വികസന ഓഫീസർ, ജനറൽ എകസ്റ്റൻഷൻ ഓഫീസർ എന്നിരോടൊപ്പം നേരിട്ട് സ്ഥാപനം സന്ദർശിച്ചു.വളാഞ്ചേരി നഗരസഭ,മാറാക്കര ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്ന് മാത്രമാണ് നിലവിൽ പ്ലാസ്റ്റിക് ലഭ്യമാകുന്നതെന്നും പ്രവർത്തനം ആരംഭിച്ചത് ഒരു മാസം മുമ്പാണെന്നും യൂണിറ്റ് പ്രവർത്തിപ്പിക്കുന്ന ഹരിതസേനാ പ്രവർത്തക അറിയിച്ചു. കുറച്ച് ഷ്രെഡഡ് ഉത്പന്നം ക്ലീൻ കേരള കമ്പനിക്ക് വിൽപന നടത്തിയിട്ടുണ്ടെന്ന് ടി.പ്രവർത്തകയും ജനറൽ എകസ്റ്റൻഷൻ ഓഫീസറും അറിയിച്ചു. എന്നാൽ ആയതിന്റെ വിവരം യാതൊന്നും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. വിൽപന നടത്തിയതിന്റെ വിവരം ജനറൽ എകസ്റ്റൻഷൻ ഓഫീസറുടെ ഫയലിൽ രേഖപ്പെടുത്തി വച്ചിട്ടുണ്ടെന്നും എന്നാൽ ക്ലീൻ കേരള കമ്പനിയിൽ നിന്ന് ആയതിന്റെ ബില്ല്/ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ലെന്നും അറിയിച്ചു. വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബ്ലോക്ക് പഞ്ചായത്തിനകത്തെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് കേന്ദ്രത്തിൽ എത്തിക്കുന്നതിനും യൂണിറ്റിലെ പ്രവർത്തനങ്ങളും അതു സംബന്ധിച്ച അക്കൗണ്ടുകളും കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ കേരള വാട്ടർ അതോറിറ്റിക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള | മേൽമുറിഡിവിഷനിലെ | 22/24- | 15,90,000 | - | - | 30,00,000 |

| | | | | | | |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>നം. S012/18 | 10-17<br>20/24-10-17 | 14,10,000 | | | |
| | കരേക്കാട് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>നം. S013/18 | 34/18-01-18 | 8,00,000 | - | - | 8,00,000 |
| | പുത്തനത്താണി ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>നം. S014/18 | 21/24-10-17 | 5,00,000 | - | - | 5,00,000 |
| | വലിയകുന്ന് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് KWA പൈപ്പ് ലൈൻ നീട്ടൽ<br>നം. S015/18 | 26/06-01-18 | 5,00,000 | - | - | 5,00,000 |
| | വെണ്ടല്ലൂർ ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് KWA പൈപ്പ് ലൈൻ നീട്ടൽ<br>നം. S051/18 | 28/06-01-18 | 5,00,000 | - | - | 5,00,000 |
| | ആതവനാട് ഡിവിഷനിലെ വിവിധ ഭാഗങ്ങളിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>നം. S057/18 | 27/06-01-18 | 5,00,000 | - | - | 5,00,000 |
| | തച്ചാടിപ്പറമ്പ് എസ്.സി. | 32/18-01-18 | 5,00,000 | - | - | 5,00,000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | കോളനിയിലേക്ക് തിരുനാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ<br>നം. S058/18 | | | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| ക്ര.നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം/ തിയ്യതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഐ.എ.വൈ. കൺസോർഷ്യം ലോൺ | സർക്കുലർ 1774/ ഡി.ഡി1/2013/ തസ്വഭവ/20-03-13 | 53.98 ലക്ഷം | 25,808 | 0 | 25,808 | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 30 | 2001-02 | | സ്റ്റോർപർച്ചേസ് ചട്ട ലംഘനം | നടപടികൾ തുടരുന്നു |
| 1999-00 | 3-8,<br>3-17 | 2006-07 | | 3-8 സ്ഥലം വാങ്ങൽഅധിക ചെലവ്<br>3-17 ഡെപ്പോസിറ്റ് പ്രവൃത്തികൾ. വിനിയോഗ വിവരം ലഭ്യമാക്കിയില്ല | ,, |
| 2001-02 | 3-3 | 2007-08 | | സ്ഥലം വാങ്ങൽ അപാകതകൾ | ,, |
| 2003- | 2-10 | ,, | | ,, | ,, |

| | | | | | |
|---|---|---|---|---|---|
| 04 | | ,, | | ,, | ,, |
| 2002-03 | 3-8,3-12,3-16 | ,, | | മരാമത്ത് പ്രവൃത്തി. നികുതികൾ ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയില്ല | ,, |
| 2014-15 | 3-3 | 2015-16 | | അടിസ്ഥിന സൗകര്യങ്ങളൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി. 6.5 ലക്ഷം രൂപയുടെ പാഴ് ചെലവ് | ,, |

# 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരുപ്പ് ഉൾപ്പെടെ) | 10,34,67,914 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,27,84,964 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 97,211 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,14,82,936 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 5830 | ശ്രീ. ഹൈദ്രോസ് പൊട്ടേങ്ങൽ,സെക്രട്ടറി |
| 3-8 | | 9907 | ശ്രീ. പ്രകാശ് ബാബു,എഎക്സ്.ഇ. |
| 3-9 | | 12506 | ശ്രീ. ടി.പി.വാസു,എഎക്സ്.ഇ. |
| 3-14 | | 16650 | ശ്രീ. ടി.പി.വാസു,എഎക്സ്.ഇ. |
| 3-15 | | 47338 | ശ്രീ. ടി.പി.വാസു,എഎക്സ്.ഇ.- 20837/-, ശ്രീ. പ്രകാശ് ബാബു,എഎക്സ്.ഇ. 26551/- |
| 3-16 | | 4980 | ശ്രീ. പ്രകാശ് ബാബു,എഎക്സ്.ഇ. |
| | ആകെ | 97,211 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,10,00000 | 71,50,000 – ശ്രീ. ഹൈദ്രോസ് പൊട്ടേങ്ങൽ , സെക്രട്ടറി<br>38,50,000 – ശ്രീ. കെ.വി.രാധാകൃഷ്ണൻ , സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 3,06,601 | ശ്രീ. അബ്ദുൾ മഹറൂഫ്, സീനിയർ വെറ്ററിനറി സർജൻ |
| 3-10 | 2964 | ശ്രീ. ടി.പി.വാസു,എ.എക്സ്.ഇ. |
| 3-11 | 173371 | ശ്രീ. ടി.പി.വാസു,എ.എക്സ്.ഇ.-58268/-<br>ശ്രീ. പ്രകാശ് ബാബു,എ.എക്സ്.ഇ.- 115103/- |
| ആകെ | 1,14,82,936 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ടി.പി.വാസു,<br>എഎക്സ്.ഇ. | എ.എക്സ്.ഇ.<br>എൽ.എസ്സ്.ജി.ഡി.സബ്ഡിവിഷൻ,<br>പെരുമ്പടപ്പ് ബ്ലോക്ക്. | തെക്കേപ്പറമ്പിൽ,<br>പൊൽപ്പാക്കര.പി.ഒ,<br>എടപ്പാൾ,<br>മലപ്പുറം-679676. |
| ശ്രീ.പ്രകാശ്ബാബു,<br>എഎക്സ്.ഇ. | എ.എക്സ്.ഇ. എൽ.എസ്സ്.ജി.<br>ഡി.സബ്ഡിവിഷൻ,<br>കുറ്റിപ്പുറം ബ്ലോക്ക്. | കൃഷ്ണാഞ്ജലി,<br>എടക്കാട്,കണ്ണൂർ-670663 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-98 | എൽ.എഫ്.എം12/1122/99 തീയ്യതി 10.9.12 | 7 |
| 1998-99 | എൽ.എഫ്.എം12/887/00 തീയ്യത് 10.9.12 | 2 |
| 1999-00 | എൽ.എഫ്.എം4/460/05 തീയ്യത് 10.9.12 | 6 |
| 2000-01 | എൽ.എഫ്.എം4/1163/05 തീയ്യത് 10.9.12 | 16 |
| 2001-02 | എൽ.എഫ്.എം4/1161/05 തീയ്യത് 10.9.12 | 10 |
| 2002-03 | എൽ.എഫ്.എം17/1612/06 തീയ്യത് 20.8.10/10.9.12 | 8 |
| 2003-04 (ചെലവ്) | എൽ.എഫ്.എം17/1193//07 തീയ്യത് 10.9.12 | 11 |
| 2004-05 (ചെലവ്) | എൽ.എഫ്.എം17/1194/07 തീയ്യത് 10.9.12 | 6 |
| 2005-06 (ചെലവ്) | എൽ.എഫ്.എം17/1195/07 തീയ്യത്20.8.10 | 6 |
| 2006-07 (ചെലവ്) | എൽ.എഫ്.എം09/590/10 തീയ്യത് 17.1.13 | 11 |
| 2007-08 (ചെലവ്) | എൽ.എഫ്.എം09/591/10 തീയ്യത് 16.1.13 | 29 |
| 2008-09 | എൽ.എഫ്.എം09/1586/10 തീയ്യത് 20.9.2010 | 16 |

| | | |
|---|---|---|
| (ചെലവ്) | | |
| 2004-05 മുതൽ 2008-09 വരെ (വരവ്) | എൽ.എഫ്.എം04/2421(1)/14 തീയ്യത് 18.11.2014 | 1 |
| 2009-10-2013-14 | എൽ.എഫ്.എം.4/2421(2)/2014 തീയ്യത് 18.11.2014 | 22 |
| 2014-15 | കെ.എസ്.എ. എം.പി.എം 8/2516/15 തീയ്യതി. 16.11.2015 | 15 |
| 2015-16 | കെ.എസ്.എ. എം.പി.എം.8/524/2017 | 33 |
| 2016-17 | കെ.എസ്.എ. എം.പി.എം.8/2556/17/05-12-2017 | 0 |

1995-96 മുതലുള്ള റിപ്പോർട്ടിലെ പരാമർശങ്ങൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട്. ആയതിൽ ഭരണ സമിതിയിൽ നിന്നും ത്വരിത ഇടപെടലുകൾ നടത്തി കുടിശ്ശിക ഒഴിവാക്കുന്നതിന് ശ്രമിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.എം.പി.എം(8)/392/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ- 676 505 ഫോൺ- 0483-2734951
ഇ-മെയിൽ- dompm.ksad@kerala.gov.i

തീയ്യതി 12-04-2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4 ാം-വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215- ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ **കുറ്റിപ്പുറം ബ്ലോക്ക്** പഞ്ചായത്തിന്റെ **2017-18** വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കുറ്റിപ്പുറം ബ്ലോക്ക്** പഞ്ചായത്തിന്റെ **2017-18** വാർഷിക ധനകാര്യ പത്രികയുടെ വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**